DESPATCHED
On....29/06/2020

06/05/2020

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic@kerala.nic.in

**ഹർജി നമ്പർ AP.No.3033(4)/2015/SIC**

**തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.17349/SIC-Gen 2/2015**

**സന്നിഹിതൻ**

**ശ്രീ.കെ.വി. സുധാകരൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

ശ്രീ. പി.എ. പുരുഷോത്തമൻ,
ക്ഷേമാ നിവാസ്,
മാവുങ്കൽ ലെയിൻ, ശ്മശാനം റോഡ്,
അരൂർ പി.ഒ, ആലപ്പുഴ- 688 534. — അപ്പീൽ ഹർജിക്കാരൻ

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
   ഡെപ്യൂട്ടി കളക്ടർ (ആർ.ആർ),
   കളക്ടറേറ്റ്, ആലപ്പുഴ. — എതിർകക്ഷികൾ

2. അപ്പീൽ അധികാരി &
   ജില്ലാ കളക്ടർ,
   ജില്ലാ കളക്ടറേറ്റ്, ആലപ്പുഴ.

## ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ, പട്ടികജാതി വികസനവുമായി ബന്ധപ്പെട്ട്, ജപ്തി നടപടിമൂലം നഷ്ടപ്പെട്ട ഭൂമി ലഭ്യമാകുന്നതിന് നൽകിയ അപേക്ഷയിന്മേൽ, ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ഓഫീസർ കളക്ടർക്കു നൽകിയ റിപ്പോർട്ടിനുള്ള കളക്ടറുടെ മറുപടി വിവരാവകാശ നിയമ പ്രകാരം ചോദിച്ചിട്ട് ലഭിച്ചില്ല എന്നതാണ് പരാതി.

2. ഇതുമായി ബന്ധപ്പെട്ട് 27.07.2019 ൽ ആലപ്പുഴ ജില്ലാ പ്ലാനിംഗ് ഓഫീസിൽ കമ്മീഷൻ ഹിയറിംഗ് നടത്തി. അപ്പീൽ ഹർജിക്കാരൻ ഹാജരായില്ല. ഒന്നാം എതിർകക്ഷി ഹാജരായി.

3. അപേക്ഷകൻ പട്ടികജാതി വികസന ഓഫീസിൽ നൽകിയ അപേക്ഷ അവർ കളക്ടറേറ്റിലേക്ക് കൈമാറിയെന്നും, ഇതിൽ രണ്ട് അപേക്ഷ ഉണ്ടായിരുന്നുവെന്നും, ജപ്തി നടപടിയുമായി ബന്ധപ്പെട്ട അപേക്ഷയിലെ വിവരങ്ങൾ നൽകിയെന്നും, രണ്ടാമത്തേത് കള്ളുചെത്ത് തൊഴിലാളി ക്ഷേമനിധിയുമായി ബന്ധപ്പെട്ടതായിരുന്നുവെന്നും, ഇത് കളക്ടറേറ്റിലെ സി-സെക്ഷനിലേക്ക് നൽകിയെന്നും, അവിടെ നിന്ന് മറുപടി നൽകിയോ എന്ന കാര്യം പരിശോധിക്കേണ്ടതുണ്ടെന്നും ഒന്നാം എതിർകക്ഷി ഹിയറിംഗിൽ പറഞ്ഞു.

4. ഇതെല്ലാം കമ്മീഷൻ വിശദമായി പരിശോധിച്ചു. കളക്ടറേറ്റിലെ ഭൂപരിഷ്കരണ വിഭാഗം- സി സെക്ഷനിൽ നിന്നുള്ള മറുപടി ഇക്കാര്യത്തിൽ പ്രസക്തമാണെന്ന് കമ്മീഷൻ കരുതുന്നു..

5. ആയതുകൊണ്ട് ഇതു സംബന്ധിച്ച് ആലപ്പുഴ ജില്ലാ കളക്ടറേറ്റ് ഡപ്യൂട്ടി കളക്ടർ, ഭൂ പരിഷ്കരണ വിഭാഗം-സി സെക്ഷൻ എസ്.പി.ഐ.ഒ ഇതു സംബന്ധിച്ച് ഉത്തരവ് കൈപ്പറ്റി രണ്ടാഴ്ചയ്ക്കുള്ളിൽ കമ്മീഷന് റിപ്പോർട്ട് നൽകേണ്ടതാണ്. അതിനുശേഷമായിരിക്കും ഇതിന്മേൽ അന്തിമ ഉത്തരവ് പുറപ്പെടുവിക്കുക.

6. മേൽപ്പറഞ്ഞ പ്രകാരം അപ്പീൽ ഹർജിയിന്മേൽ ഇന്നേദിവസം 06.05.2020 ന് താൽക്കാലികമായി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
**കെ.വി. സുധാകരൻ,**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**

re
പകർപ്പ്:

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
ഡപ്യൂട്ടി കളക്ടറുടെ (ഭൂ പരിഷ്കരണം) ഓഫീസ്,
ജില്ലാ കളക്ടറേറ്റ്, ആലപ്പുഴ.